പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:153 04/02/2013 - ൽ മറുപടിക്ക്

## ഫിഷറീസ് വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കിയ ആർ.ഐ.ഡി.എഫ് പ്രോജക്ടുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശി: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ഫിഷറീസ് വകുപ്പ് 2011-12-ൽ ആർ.ഐ.ഡി.എഫ് പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ടായിരുന്നോ; | (എ) ഫിഷറീസ് വകുപ്പ് 2011-12 സാമ്പത്തിക വർഷത്തിൽ 10.89 കോടി രൂപയുടെ ആർ.ഐ.ഡി.എഫ് പ്രോജക്ടുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഏറ്റെടുത്തിട്ടുണ്ട്.<br><br>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 2011-12 -ൽ ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ടായിരുന്നു. |
| (ബി) എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) ഫിഷറീസ് വകുപ്പ് 2011-12 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ് പ്രോജക്ടുകൾ ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | കൊല്ലങ്കോട് കുടിവെള്ള പദ്ധതി | 40.00 |
| 2 | ആധുനിക ഫിഷ് ലാന്റിംഗ് സെന്ററുകൾ | 270.00 |
| 3 | പെരുമാതുറ എൽ.പി. സ്ക്കൂൾ കെട്ടിട നിർമ്മാണം | 70.00 |
| 4 | തണൽഷെഡ് നിർമ്മാണം | 60.00 |
| 5 | അഞ്ചുതെങ്ങ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പുതിയ ബ്ലോക്ക് നിർമ്മാണം | 123.00 |

| | | |
|---|---|---|
| 6 | സോളാർ ഫിഷ് ഡ്രൈയിംഗ് യൂണിറ്റ്, പൂവാർ | 63.00 |
| 7 | അടിമലത്തുറ ഡ്രൈൻ നിർമ്മാണം | 146.00 |
| 8 | പുല്ലുവിള ബീച്ച് റോഡ് നിർമ്മാണം | 43.00 |
| 9 | പൂവാർ-കരികുളം കുടി വെള്ള പദ്ധതി | 274.00 |
| | ആകെ | 1089.00 |

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് 2011-12-ൽ ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തി 8 പാലങ്ങളുടെയും 2 മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെയും നിർമ്മാണത്തിന് അംഗീകാരം ലഭിച്ചിരുന്നു. അവ ചുവടെ ചേർക്കുന്നു.

1. ആലപ്പുഴ ജില്ലയിലെ പതിയാങ്കര പാലം – 325 ലക്ഷം രൂപ.
2. ആലപ്പുഴ ജില്ലയിലെ കൊപ്പാരക്കടവ് പാലം – 930 ലക്ഷം രൂപ.
3. എറണാകുളം ജില്ലയിലെ നമ്പ്യാപുര കാട്ടിപ്പറമ്പ് പാലം – 140 ലക്ഷം രൂപ.
4. എറണാകുളം ജില്ലയിലെ കുമ്പളം നെട്ടൂർ പാലം – 1500 ലക്ഷം രൂപ.
5. എറണാകുളം ജില്ലയിലെ ചക്കരച്ചാൽ സ്ലൂയിസ് കം ബ്രിഡ്ജ് – 135 ലക്ഷം രൂപ.
6. കൊല്ലം ജില്ലയിലെ ചീക്കാംതുരുത്ത് പുത്തൻ തുരുത്ത് നടപ്പാലം – 125ലക്ഷം രൂപ.
7. കൊല്ലം ജില്ലയിലെ കുമ്പോളച്ചിറ നീലേശ്വരം തോപ്പുപാലം – 150 ലക്ഷം രൂപ.
8. മലപ്പുറം ജില്ലയിലെ ഓട്ടുപുറം കെട്ടുങ്കൽ കടവ് പാലം – 2670 ലക്ഷം രൂപ.

9. വലിയഴീക്കൽ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിന്റെ അധിക സൗകര്യങ്ങൾ - 235 ലക്ഷം രൂപ.
10. ആനാപ്പുഴ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രം - 81 ലക്ഷം രൂപ.

(സി) ഇതിനായി 2011-12ലെ ബജറ്റിൽ വകയിരുത്തിയിരുന്ന തുക എത്രയാണ്; ഇതിൽ എത്ര ലക്ഷം രൂപ ചെലവഴിച്ചു; അത് ഏതെല്ലാം പ്രോജക്ടുകൾക്കാണ് ചെലവഴിച്ചത്; ഈ പ്രോജക്ടുകളിൽ ഏതെങ്കിലും തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഫിഷറീസ് വകുപ്പ് മേൽ പദ്ധതി നിർവ്വഹണത്തിന് 2011-12 ബഡ്ജറ്റിൽ 500 ലക്ഷം രൂപയാണ് വക കൊള്ളിച്ചിരിക്കുന്നത്. 212.38833 ലക്ഷം രൂപ ചെലവഴിച്ചു. പ്രോജക്ടുകൾക്ക് ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | കൊല്ലങ്കോട് കുടിവെള്ള പദ്ധതി | 3.84208 |
| 2 | ആധുനിക ഫിഷ് ലാന്റിംഗ് സെന്ററുകൾ | 70.77 |
| 3 | തണൽഷെഡ് നിർമ്മാണം | 12.77625 |
| 4 | പൂവാർ-കരികുളം കുടിവെള്ള പദ്ധതി | 125.00 |
| | ആകെ | 212.38833 |

2011-12 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ് പ്രോജക്ടുകൾ എല്ലാം തന്നെ തിരുവനന്തപുരം ജില്ലയിലാണ് നടപ്പിലാക്കുന്നത്.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - പുരോഗമിച്ചു വരുന്നതും, ഇനി ഏർപ്പാടാക്കേണ്ടതുമായ ആർ.ഐ.ഡി.എഫ് പ്രവൃത്തികൾക്കായി 2011-12 വർഷത്തിൽ 500 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നു. തുടർന്ന് എസ്.ഡി.ജി വഴി 1000 ലക്ഷം രൂപയും റീ അപ്രോപ്രിയേഷൻ വഴി 85.85 ലക്ഷം രൂപയും

ഉൾപ്പെടെ ആകെ അനുവദിച്ചത് 1585.85 ലക്ഷം രൂപയാണ്. ഇതിൽ 1585.85 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിനു മുമ്പ് അംഗീകാരം കിട്ടിയ പദ്ധതികൾക്കാണ് തുക ചെലവഴിച്ചത്. ടി പദ്ധതികൾ സംബന്ധിച്ച് ചുവടെ ചേർക്കുന്നു.

1. ചെല്ലാനം മത്സ്യബന്ധന തുറമുഖം - 1071.17 ലക്ഷം രൂപ.
2. പെരുമാതുറ താഴംപള്ളി പാലം - 370.77 ലക്ഷം രൂപ.
3. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂൾ, താനൂർ - 62.24 ലക്ഷം രൂപ.
4. കയ്പമംഗലം ഫിഷ് ലാന്റിംഗ് സെന്റർ - 08.83 ലക്ഷം രൂപ.
5. പറവണ്ണ ഫിഷ് ലാന്റിംഗ് സെന്റർ - 39.46 ലക്ഷം രൂപ.
6. കോട്ടക്കീൽ ഫിഷ് ലാന്റിംഗ് സെന്റർ - 33.38 ലക്ഷം രൂപ.

ടി പ്രവൃത്തികളിൽ പെരുമാതുറ താഴം പള്ളി പാലമാണ് (370.77 ലക്ഷം രൂപ) തിരുവനന്തപാരം ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ളത്. പാലത്തിന്റെ നിർമ്മാണം 45 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്.

(ഡി) ബഡ്ജറ്റിൽ വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

(ഡി) ഫിഷറീസ് വകുപ്പ് നബാർഡ് വായ്പയോടുകൂടി നടപ്പിലാക്കുന്ന മേൽ പദ്ധതി നിർവ്വഹണത്തിന് 3 വർഷം സമയം അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതികളെല്ലാം തന്നെ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. പദ്ധതിയുടെ ഭൗതിക പുരോഗതിക്കും ധനവിനിയോഗത്തിനും അനുസൃതമായിട്ടാണ് നബാർഡ് ഫണ്ട് കൈമാറുന്നത്.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ